# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3439** | **11.12.2018 ൽ മറുപടിയ്ക്ക്**

## കാർഷിക മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

എ) 2018-19 വർഷത്തിൽ കാർഷികവൃത്തിയുടെയും കൃഷിയുടെയും പുനരുജ്ജീവനത്തിന് ഉല്പാദനം, വിജ്ഞാന വ്യാപനം, പരിശീലനം, യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, വിപണനം, കർഷക ക്ഷേമം എന്നീ തലങ്ങളിൽ കർഷകരെ സഹായിക്കുന്ന പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് പുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്ന തിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പുഷ്പകൃഷി ഉൾപ്പെടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനു കൃഷിവകുപ്പ് ശ്രദ്ധിക്കുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കാനുള്ള പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ

നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു.

2018-19 സാമ്പത്തിക വർഷം കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | പദ്ധതി വിഹിതം ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 8765.00 |
| 2 | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി | 350.00 |
| 3 | പച്ചക്കറി കൃഷി വികസന പദ്ധതി | 8700.00 |
| 4 | കിഴങ്ങ് /പയർ വർഗ്ഗങ്ങളുടെ വികസനം | 250.00 |
| 5 | നാളികേര വികസന പദ്ധതി | 5000.00 |
| 6 | സുഗന്ധ വിള വികസന പദ്ധതി | 1100.00 |
| 7 | ഹൈടെക് അഗ്രികൾച്ചർ | 100.00 |
| 8 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി | 1200.00 |
| 9 | മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉത്പാദന ക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതി | 2833.00 |
| 10 | വിള ആരോഗ്യ പരിപാലന പദ്ധതി | 1648.00 |
| 11 | ജൈവകൃഷിയും ഉത്തമ കൃഷിമുറകളും | 1011.00 |
| 12 | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും | 2300.00 |
| 13 | ലബോറട്ടറികളുടെ ആധുനീകരണം. | 800.00 |
| 14 | കാർഷിക വിജ്ഞാനവ്യാപനം | 4400.00 |
| 15 | കാർഷിക വിവരവും വിനിമയവും | 500.00 |
| 16 | കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും | 3167.00 |
| 17 | വിള ഇൻഷ്വറൻസ് പദ്ധതി | 1400.00 |
| 18 | പ്രകൃതിക്ഷോഭങ്ങളും കീടരോഗങ്ങളും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി | 500.00 |

| | | |
|---|---|---|
| 19 | ജൈവ വൈവിധ്യ സംരക്ഷണത്തിനും പരമ്പരാഗത വിള ഇനങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി | 100.00 |
| 20 | കാർഷിക വിളകളുടെ വിപണി വികസനം | 1517.00 |
| 21 | വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി | 2422.00 |
| 22 | കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും | 2531.00 |
| 23 | പ്രത്യേക കാർഷിക മേഖല പദ്ധതി | 1000.00 |
| 24 | വയനാട് പാക്കേജ് പദ്ധതി | 1900.00 |
| 25 | ബയോഗ്യാസ് പ്ലാന്റുകൾക്ക് അധികധനസഹായം സ്ഥാപിക്കൽ | 200.00 |
| 26 | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്) | 1000.00 |
| 27 | ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBF) | 60.00 |

കർഷകർക്കുള്ള പദ്ധതി സഹായങ്ങൾ കൃഷിഭവനുകൾ മുഖേന നൽകി വരുന്നു.

ബി) ഇവ കൃത്യമായി നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ബി) സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട കൃഷി മന്ത്രിയും കാർഷികോല്പാദന കമ്മീഷണറും കൃഷി ഡയറക്ടറുടേയും കൃഷി അഡീഷണൽ ഡയറക്ടർമാരുടേയും യോഗം നടത്തി പദ്ധതി നിർവ്വഹണം വിലയിരുത്തി വരുന്നുണ്ട്.

ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ പദ്ധതി അവലോകനയോഗം എല്ലാ മാസവും സംസ്ഥാനതലത്തിൽ വിളിച്ച് ചേർത്ത് കൃഷി ഡയറക്ടർ ജില്ലാതല പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതല കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം കൃഷി അഡീഷണൽ ഡയറക്ടർമാർ കാലാകാലങ്ങളിൽ വിളിച്ച് ചേർത്തും, വീഡിയോ കോൺഫറൻസ് മുഖാന്തിരവും ഓരോ പദ്ധതിയുടേയും നടത്തിപ്പിന്റെ വിലയിരുത്തൽ നടത്തുന്നുണ്ട്.

ജില്ലാ കൃഷി ഓഫീസർമാർ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടേയും പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാരുടേയും യോഗം എല്ലാ മാസവും ചേർന്ന് പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്യുന്നു.

പഞ്ചായത്ത്, ജില്ലാ, സംസ്ഥാന കാർഷിക

വികസന സമിതികൾ കൂടുമ്പോൾ ജനപ്രതിനിധികൾ കൃഷി വകുപ്പിന്റെ ഇടപെടലുകൾ കാര്യക്ഷമമാണോ എന്ന് വിലയിരുത്താറുണ്ട്.

കൂടാതെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിലും കാർഷിക മേഖലയുടെ വികസനത്തിൽ കൃഷി വകുപ്പിന്റെ ഇടപെടലുകൾ കാര്യക്ഷമമാണോ എന്ന് നിരന്തരം വിലയിരുത്തലുകൾ നടത്താറുണ്ട്.

Mayap

**സെക്ഷൻ ഓഫീസർ**